പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1745 17-06-13 ൽ മറുപടിക്ക്

## നീരയുടെ ഉൽപാദനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്<br>'' എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) നീരയുടെ ഉൽപാദനം സംബന്ധിച്ച് എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കള്ളു വ്യവസായ രംഗത്തെ പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാനും, നീര ഉല്പാദനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും, എക്സൈസ് കമ്മീഷണർ ചെയർമാനായി, 15-01-2013-ലെ ജി.ഒ.(ആർറ്റി) നം.38/13/നിവ., 14-03-2013-ലെ ജി.ഒ.(ആർറ്റി) നം.221/13/നിവ. എന്നീ ഉത്തരവുകൾ പ്രകാരം 10 അംഗ ഉന്നതതല കമ്മിറ്റിയെ രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. |
| (ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) ശുപാർശകൾ, അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (സി) നീരയുടെ സംസ്കരണത്തിനാവശ്യമായ നിയമഭേദഗതികൾ അബ്കാരി ആക്ടിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) പരാമർശത്തിലുള്ള റിപ്പോർട്ട്, സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# ശുപാർശകൾ

1. വൃത്തിയും വെടിപ്പുമുള്ള കെട്ടിടങ്ങളിൽ കള്ളുഷോപ്പുകൾ നടത്തുക. നല്ല അന്തരീക്ഷത്തിൽ നാടൻ ഭക്ഷണ വിഭവങ്ങളോടൊപ്പം കള്ളുഷാപ്പുകൾ പ്രവർത്തിക്കുകയാണെങ്കിൽ ഇതിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നതാണ്.

2. വർഷത്തിലൊരിക്കലുള്ള കള്ളുഷാപ്പുകളുടെ വില്പന സമ്പ്രദായം മാറ്റി അത് മൂന്ന് വർഷത്തിലൊരിക്കലാക്കുക.

3. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും മറ്റ് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലും റ്റോഡി പാർലറുകൾ ആരംഭിക്കുക. റ്റോഡി പാർലർ നടത്തുന്ന കെട്ടിടങ്ങൾക്ക് അത്യാവശ്യം വേണ്ട മാനദണ്ഡങ്ങൾ എക്സൈസ് വകുപ്പ് ഏർപ്പെടുത്തണം. തെരഞ്ഞെടുക്കുന്ന കള്ളു ഷോപ്പുകളെയും റ്റോഡിപാർലർ ആക്കി മാറ്റാവുന്നതാണ്.

4. കള്ളു വ്യവസായത്തിൽ പ്രവർത്തിക്കുന്ന ചെത്ത് തൊഴിലാളികൾക്ക് ആവശ്യമായ വേതനവും തൊഴിൽ സുരക്ഷിതത്വവും ലഭ്യമാക്കുക.

5. തെങ്ങ് ചെത്തുന്നതിന് ശാസ്ത്രീയമായ പരിശീലനം ഏർപ്പെടുത്തുക. അതിന് കാർഷിക സർവ്വകലാശാലയുടെയും നാളികേര വികസന ബോർഡിന്റെയും, കൃഷി വകുപ്പിന്റെയും സഹകരണം തേടാവുന്നതാണ്.

6. കള്ളുഷോപ്പുകളിൽ കൂടി ശുദ്ധമായ കള്ള് ലഭ്യമാക്കുക. സർക്കാർ 22-11-2011 ൽ നിയമിച്ച ടെക്കിനിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കി സത്വര നടപടി സ്വീകരിക്കുക.

7. കള്ള് ഉല്പാദനത്തിന് ഉയരംകുറഞ്ഞ അത്യുല്പ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വികസിപ്പിച്ചെടുക്കുക. കേര കൃഷി പ്രോത്സാഹിപ്പിക്കുക.

8. ഫെഡറേറ്റു ചെയ്തിട്ടുള്ള നാളികേര ഉല്പാദന സൊസൈറ്റികളേയും, അവയുടെ ഫെഡറേഷനുകളേയും, പ്രൊഡ്യൂസർ കമ്പിനികളേയും, നീര ഉല്പാദനവും അതിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും, സംസ്ക്കരണവും, വിതരണവും നടത്തുവാൻ അനുവദിക്കാവുന്നതാണ്. ഈ സൊസൈറ്റികൾ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സി. പി. എസ്സുകളിൽ നിന്നും ഫെഡറേഷനുകളിൽ നിന്നും വ്യക്തമായ പ്രൊജക്ട് റിപ്പോർട്ട് ലഭ്യമാക്കി നിലവിൽ ഉള്ള നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി നീരയുടെ ഉല്പാദനത്തിന് അനുമതി നൽകാവുന്നതാണ്. കേരശ്രീ ക്ലസ്റ്റേഴ്സ് സംഘടനകൾ ഫെഡറേറ്റ് ചെയ്യപ്പെടുകയാണെങ്കിൽ നീര ഉത്പാദനം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. കള്ള് ചെത്ത് മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത ചെത്തുതൊഴിലാളികളെ നീര ചെത്തുന്നതിനായി ഉപയോഗിക്കേണ്ടതാണ്. കൂടുതൽ തൊഴിലാളികൾ ആവശ്യമുള്ളപക്ഷം ആവശ്യമായ പരിശീലനം നൽകി പുതിയ തൊഴിലാളികളെ കണ്ടെത്താവുന്നതാണ്. നീര ചെത്തു മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികളേയും കേരളാ കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം നടപ്പിലാക്കുമ്പോൾ കള്ള് ചെത്ത് മേഖലയിൽ ഇപ്പോൾ പണിയെടുക്കുന്ന അംഗീകൃത തൊഴിലാളികളേയും നീര ഉല്പാദനത്തിലും മറ്റ് പ്രവർത്തനങ്ങളിലും ഭാഗഭാക്കാക്കേണ്ടതാണ്.

9. നീരയുടെ ഉല്പാദനവും, വിപണനവും കള്ള് ചെത്ത് വ്യവസായത്തിലെ തൊഴിലാളി സമിതികളെയും ഏല്പിക്കാവുന്നതാണ്. നീരയുടെ സംഭരണത്തിനും സംസ്ക്കരണത്തിനുമായി പ്രത്യേക സംസ്ക്കരണ ശാലകൾ ആവ

ശ്യമാണ്. ഒരു കാരണവശാലും ഒരു കള്ളു ഷോപ്പിന്റെ ഭാഗമായി നീര സംഭരണ യൂണിറ്റുകൾ അനുവദിക്കാൻ പാടുള്ളതല്ല.

10. നിലവിലുള്ള "Issue of Licence for drawing Sweet Toddy" (NEERA) റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നീരയുടെ ഉല്പാദനവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും അനുവദിക്കാൻ സാധിക്കുന്നതാണ്. നീരയുടെ ഉല്പാദനത്തിനായി ടി ചട്ടത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം എക്സൈസ് വകുപ്പിൽ നിന്ന് ലൈസൻസ് എടുക്കേണ്ടതാണ്. നീരയുടെ ഉല്പാദനത്തിനായി ഏതെല്ലാം തെങ്ങുകളാണ് ചെത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് കാണിച്ച് എക്സൈസ് വകുപ്പിന് അപേക്ഷ നൽകിയാൽ മതിയാകും. എക്സൈസ് വകുപ്പ് ഈ അപേക്ഷയിൻമേൽ ചെത്ത് വൃക്ഷങ്ങൾ മാർക്ക് ചെയ്ത് ചെത്തുവാനുള്ള പെർമിറ്റ് നൽകുന്നതാണ്. ഒരു വിധത്തിലുള്ള ഫീസും/ വൃക്ഷക്കരവും ഈടാക്കുവാൻ ഇപ്പോൾ വ്യവസ്ഥയില്ല. ആരംഭഘട്ടം എന്ന നിലയിൽ, നിലവിലുള്ള സ്ഥിതി തുടരാവുന്നതാണ്. നീരയുടെ ഉല്പാദനം നിയമപരമായിട്ടാണ് നടക്കുന്നത് എന്ന് ഉറപ്പ് വരുത്തുവാൻ എക്സൈസ് വകുപ്പിന്റെ മേൽനോട്ടം ആവശ്യമാണ്.

11. കള്ള് ചെത്ത് വ്യവസായത്തിന്റെ ആധുനികവത്ക്കരണത്തിനും, നീരയുടെ ഉല്പാദനത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനുമായി കള്ള്-നീര വികസന ബോർഡ് സംസ്ഥാനതലത്തിൽ രൂപീകരിക്കേണ്ടതാണ്. കള്ള്-നീര വികസന ബോർഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഫണ്ടു സ്വരൂപിക്കുവാൻ സംസ്ഥാനത്ത് വിൽക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽ 1 ലിറ്ററിന് ഒരു രൂപ നിരക്കിൽ സെസ് ഏർപ്പെടുത്താവുന്നതാണ്.

[redacted]

26

Section Officer